പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1848 17-03-2015-ൽ മറുപടിയ്ക്ക്

# ലഹരിമരുന്നുകളുടെ ഉപയോഗം

ചോദ്യം :

ശ്രീ. കെ. എൻ. എ. ഖാദർ

ഉത്തരം :

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും, തുറമുഖവും
എക്സൈസും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കൊക്കെയ്ൻ ഉൾപ്പെടെയുള്ള വിവിധ തരം ലഹരി മരുന്നുകളുടെ ഉപയോഗം വർദ്ധിച്ചുവരുന്നതായുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എക്സൈസ് വകുപ്പ് 2014 വർഷത്തിൽ എൻ.ഡി.പി.എസ് കേസുകളുമായി ബന്ധപ്പെട്ട് 970 കേസുകൾ രജിസ്റ്റർ ചെയ്യുകയും ഈ കേസുകളിലായി 1098 പേരെ അറസ്റ്റു ചെയ്യുകയും, 809 കിലോഗ്രാം കഞ്ചാവ്, 90 കഞ്ചാവ് ചെടികൾ, 2.917 കിലോഗ്രാം ഹാഷിഷ് ഓയിൽ, 1.193 കിലോഗ്രാം ഓപ്പിയം, 85 എൽ.എസ്.ഡി, 979 മയക്കുമരുന്ന് ആംപ്യൂളുകൾ, 63 നൈട്രെസിപ്പാം ഗുളികകൾ, 0.316 കിലോ ഗ്രാം ബ്രൗൺഷുഗർ, 1.054 കിലോഗ്രാം ഹെറോയിൻ, 1.516 കിലോഗ്രാം കൊഡിയിൻ, 218 ഗ്രാം ചരസ്സ് എന്നിവ പിടിച്ചെടുത്തിട്ടുണ്ട്. |
| (ബി) | മരുന്നുകുപ്പികളിൽ മരുന്നെന്ന വ്യാജേന അന്യസംസ്ഥാനങ്ങളിൽ നിന്നും വിവിധതരം ലഹരി മരുന്നുകൾ കടത്തുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ബി) | മരുന്നുകുപ്പികളിൽ മരുന്നെന്ന വ്യാജേന അന്യസംസ്ഥാനങ്ങളിൽ നിന്നും വിവിധ തരം ലഹരി മരുന്നുകൾ കടത്തുന്നതായുള്ള പത്രറിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ക്യാൻസർ രോഗികൾക്ക് വേദനസംഹാരിയായി ഉപയോഗിക്കുന്ന ബ്രൂഫിനോർഫിൻ, ലൂപിജെസിക്, ഡയസപാം, പ്രൊമിത്യാസിൻ, നൈട്രെസിപ്പാം ടാബ്ലറ്റ് തുടങ്ങിയ മരുന്നുകൾ മയക്കു മരുന്നുകളായി ദുരുപയോഗം ചെയ്തുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | മയക്കുമരുന്നിന്റെ വിൽപ്പന, വിപണനം, ഉപയോഗം, എന്നിവയ്ക്കെതിരെ ശക്തമായ നടപടികളാണ് എക്സൈസ് വകുപ്പ് സ്വീകരിച്ച് വരുന്നത്. എല്ലാ ജില്ലകളിലും മയക്കുമരുന്നുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിനായി അസിസ്റ്റന്റ് എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ പ്രത്യേക യൂണിറ്റായി എക്സൈസ് എൻഫോഴ്സ്മെന്റ് ആന്റ് ആന്റിനാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നു. ഇടുക്കി ജില്ലയിലെ കഞ്ചാവ് ഉൾപ്പെടെയുള്ള മയക്കുമരുന്നുകൾ കണ്ടുപിടിക്കുന്നതിനായി അടിമാലി കേന്ദ്രമാക്കി നാർക്കോട്ടിക് എൻഫോഴ്സ്മെന്റ് സ്ക്വാഡും പ്രവർത്തിച്ചുവരുന്നു. കൂടാതെ എല്ലാ ഫീൽഡ് ഓഫീസുകളിലും മയക്കു മരുന്ന് കേസുകൾ കണ്ടുപിടിക്കുന്നതിനായി ഊർജ്ജിത പ്രവർത്തനം നടത്തി വരുന്നു. സമൂഹത്തിൽ വളർന്നു വരുന്ന മാരക വിപത്തായ മയക്കുമരുന്ന് ഉപയോഗത്തിനെതിരെ ശക്തമായ എൻഫോഴ്സ്മെന്റ് നടപടികൾ കൂടാതെ ഇതു തടയുന്നതിനായി സമഗ്രമായ ബോധവൽക്കരണ പരിപാടികൾ എക്സൈസ് വകുപ്പ് സംഘടിപ്പിച്ചു വരുന്നു. കൂടാതെ മയക്കു മരുന്നുകളോട് ആസക്തിയുള്ള യുവതല മുറയെ ഈ സാമൂഹിക വിപത്തിൽ നിന്നും രക്ഷിക്കുന്നതിനായി സ്കൂൾ - കോളേജ് തലങ്ങളിൽ ലഹരിവിരുദ്ധ ക്ളബ്ബുകൾ രൂപീകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഇത്തരത്തിൽ സ്കൂൾ തലത്തിൽ 1467 ഉം, കോളേജ് തലത്തിൽ 194 ലഹരി വിരുദ്ധ ക്ളബ്ബുകളും നിലവിൽ പ്രവർത്തിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (സി) | ലഹരി മരുന്ന് കേസുകളിൽ കൈവശം വയ്ക്കുന്ന ലഹരി മരുന്നിന്റെ അളവിന്റെ ഏറ്റക്കുറച്ചിൽ അനുസരിച്ച് ശിക്ഷയിൽ ഏറ്റക്കുറവ് വരുത്താൻ വ്യവസ്ഥയുണ്ടോ; | (സി) | ലഹരി മരുന്ന് കേസുകളിൽ കൈവശം വയ്ക്കുന്ന ലഹരി മരുന്നിന്റെ അളവിന്റെ ഏറ്റക്കുറച്ചിൽ അനുസരിച്ച് ശിക്ഷയിൽ ഏറ്റക്കുറവ് വരുത്തി എൻ.ഡി.പി.എസ് ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ഡി) | എങ്കിൽ ഇതുമൂലം പല കേസുകളിലും കർശനമായ നടപടി സ്വീകരിക്കുന്നതിന് തടസ്സമുണ്ടാകുന്നതായുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ഇതുമൂലം പിടിച്ചെടുക്കുന്ന തൊണ്ടിയുടെ അളവ് കുറവായ പല കേസുകളിലും കർശനമായ നടപടി സ്വീകരിക്കുന്നതിന് തടസ്സമുണ്ടാകുന്നതായുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രധാനമായും ഇത്തരത്തിലുള്ള തടസ്സം നേരിടുന്നത് കഞ്ചാവ് കണ്ടുപിടിക്കുന്ന കേസുകളിലാണ്. ഒരു കിലോ ഗ്രാമിൽ താഴെ കഞ്ചാവ് കണ്ടുപിടിക്കുന്ന കേസുകളിൽ ഉടനടി കോടതിയിൽ നിന്നും ജാമ്യം ലഭിക്കുമെന്നതിനാൽ കഞ്ചാവ് വ്യാപകമായി കച്ചവടം ചെയ്യുന്ന കുറ്റവാളികൾ ടി നിയമം ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഇ) | എങ്കിൽ ഇതൊഴിവാക്കുന്നതിനും ലഹരി മരുന്നിന്റെ ഉപയോഗവും വിപണനവും തടയുന്നതിനും ബന്ധപ്പെട്ട നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തുന്ന കാര്യം പരിഗണിക്കുമോ? | (ഇ) | എൻ.ഡി.പി.എസ് ആക്റ്റിൽ നിയമ ഭേദഗതി വരുത്തി കർശനമായ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതിന് ആവശ്യമായ നിയമ ഭേദഗതി നടപടിക്കായി കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ